**No.CEE/2242/2017/NPMDC-2017/TA1**

കേരള സർക്കാർ
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## <u>വിജ്ഞാപനം</u>

# <u>2017-ലെ ബി.എസ്.സി.നഴ്സിംഗ്, പാരാമെഡിക്കൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള അവസാന ഓൺലൈൻ അലോട്ട്മെന്റ് (ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമാണ്)</u>

2017-ലെ **ബി.എസ്.സി നഴ്സിംഗ്** കോഴ്സിലേയ്ക്കും, **ബി.എസ്.സി. (എം.എൽ.ടി), ബി.എസ്.സി.പെർഫ്യൂഷൻ ടെക്നോളജി, ബി.എസ്.സി. ഒപ്ടോമെട്രി, ബി.പി.ടി., ബി.സി.വി.റ്റി, ബി.എ.എസ്.എൽ.പി, ബി.എസ്.സി എം.ആർ.റ്റി, ബി.എസ്.സി മെഡിക്കൽ മൈക്രോബയോളജി, ബി.എസ്.സി മെഡിക്കൽ ബയോകെമിസ്ട്രി** എന്നീ പാരാമെഡിക്കൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുമുള്ള അവസാന ഘട്ട അലോട്ട്മെന്റ് നടപടിക്രമങ്ങൾ **17.10.2017**–ന് ആരംഭിക്കുന്നതാണ്. സർക്കാർ നഴ്സിംഗ്/പാരാമെഡിക്കൽ കോളേജുകളിൽ ഒഴിവുള്ള സീറ്റുകളിലേയ്ക്കും, തലശ്ശേരി മലബാർ കാൻസർ സെന്റർ–ലെ ബി.എസ്.സി. എം.ആർ.റ്റി കോഴ്സിലെ ഒഴിവുള്ള സീറ്റുകളിലേയ്ക്കും, 11.10.2017 ലെ സ.ഉ(സാധാ) 2805/2017/ആ.കു.വ സർക്കാർ ഉത്തരവ് പ്രകാരം SI-MET-ന് കീഴിൽ വരുന്ന നഴ്സിംഗ് കോളേജുകളിലെ ഒഴിവുള്ള സീറ്റുകളിലേയ്ക്കും, കോലഞ്ചേരി മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് കോളേജ് ഓഫ് നഴ്സിംഗ്, കോഴിക്കോട് ജെ.ഡി.റ്റി ഇസ്ലാം കോളേജ് ഓഫ് നഴ്സിംഗ്, കണ്ണൂർ എ.കെ.ജി മെമ്മോറിയൽ കോ–ഓപ്പറേറ്റീവ് കോളേജ് ഓഫ് നഴ്സിംഗ് എന്നീ സ്വാശ്രയ നഴ്സിംഗ് കോളേജുകളിൽ അധികമായി അനുവദിക്കപ്പെട്ട സീറ്റുകളിലെ 5 വീതം സർക്കാർ സീറ്റുകളിലേയ്ക്കും ഈ ഘട്ടത്തിൽ അലോട്ട്മെന്റ് നടത്തുന്നതായിരിക്കും.

ബി.എസ്.സി നഴ്സിംഗ്, പാരാമെഡിക്കൽ ഡിഗ്രി കോഴ്സുകളിൽ നിലവിലുള്ള ഹയർ ഓപ്ഷനുകൾ ഈ അലോട്ട്മെന്റിലേക്ക് പരിഗണിക്കാൻ ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും **<u>www.cee.kerala.gov.in</u>** എന്ന വെബ്സൈറ്റിൽ അവരവരുടെ ഹോം പേജിൽ ലഭ്യമാക്കിയിട്ടുള്ള **'Confirm'** ബട്ടൺ ക്ലിക്ക് ചെയ്ത് **ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ** നടത്തേണ്ടതാണ്. ഓൺലൈൻ ഓപ്ഷൻ കൺഫർമേഷനെ തുടർന്ന് നിലവിലുള്ള ഹയർ ഓപ്ഷനുകളുടെ പുന:ക്രമീകരണം, ആവശ്യമില്ലാത്തവ റദ്ദാക്കൽ, എന്നിവയ്ക്കുള്ള സൗകര്യം **17.10.2017** മുതൽ **19.10.2017** ഉച്ചയ്ക്ക് **1** മണി വരെ ലഭ്യമാകുന്നതാണ്.

<u>നിശ്ചിത സമയത്തിനകം മേൽ പറഞ്ഞ വെബ്സൈറ്റിലൂടെ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവരെ ഒരു കാരണവശാലും ഈ അലോട്ട്മെന്റിനായി പരിഗണിക്കുകയില്ല. എന്നാൽ മുൻ അലോട്ട്മെന്റ് പ്രകാരം ഏതെങ്കിലും കോഴ്സുകളിലേക്ക് അലോട്ട്മെന്റ് ലഭിക്കുകയും കോളേജുകളിൽ പ്രവേശനം നേടുകയും ചെയ്തവരുടെ അലോട്ട്മെന്റ് നിലനിർത്തുന്നതായിരിക്കും. ഇതിനോടകം അലോട്ട്മെന്റ് ലഭിച്ചിട്ടുള്ളവരും മുൻ ഘട്ടങ്ങളിൽ അലോട്ട്മെന്റൊന്നും ലഭിക്കാത്തവരും ഈ അലോട്ട്മെന്റിനായി പരിഗണിക്കപ്പെടണമെങ്കിൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമായും നടത്തേണ്ടതാണ്. 11.08.2017 ലെ സ.ഉ(സാധാ) 2260/2017/ആ.കു.വ എന്ന സർക്കാർ ഉത്തരവിലെ വ്യവസ്ഥ പ്രകാരം ഇതിനോടകം സ്വാശ്രയ നഴ്സിംഗ്/പാരാമെഡിക്കൽ കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികളുടെ ഹയർ ഓപ്ഷനുകൾ റദ്ദാക്കപ്പെടുന്നതിനാൽ അവരെ ഈ അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.</u>

**<u>അലോട്ട്മെന്റ് ഷെഡ്യൂൾ</u>:**

| | |
|---|---|
| **17.10.2017** | ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും ആവശ്യമില്ലാത്തവ റദ്ദ് ചെയ്യുന്നതിനും വെബ്സൈറ്റ് സജ്ജമാകുന്നു. |
| **19.10.2017, 1 PM** | ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനും, റദ്ദ് ചെയ്യുന്നതിനുമുള്ള സൗകര്യം അവസാനിക്കുന്നു. |
| **19.10.2017, വൈകുന്നേരം** | **അവസാന ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരണം** |

| | |
|---|---|
| **20.10.2017** മുതൽ **23.10.2017** വരെ | അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ കാണുന്ന ഫീസ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിശ്ചിത ശാഖകളിലൊന്നിലോ, ഓൺലൈനായോ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കിയശേഷം അലോട്ട്മെന്റ് ലഭിച്ച കോഴ്സ്/കോളേജിൽ പ്രവേശനം നേടേണ്ടതാണ്.<br>നിശ്ചിത സമയത്തിനുള്ളിൽ ഫീസ് അടയ്ക്കാത്തതും അലോട്ട് ചെയ്യപ്പെട്ട കോഴ്സ്/കോളേജ് പ്രവേശനം നേടാത്തതുമായ വിദ്യാർത്ഥികളുടെ അലോട്ട്മെന്റ് റദ്ദാകുന്നതാണ്. |
| **23.10.2017, 5.30 pm** | ബി.എസ്.സി നഴ്സിംഗ്/പാരാമെഡിക്കൽ കോഴ്സുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് അധികാരികൾ അംഗീകരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (**OAMS**) മുഖേന സമർപ്പിക്കണം. |

ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനും വിദ്യാർത്ഥികൾക്ക് ആവശ്യമായ സഹായം ലഭ്യമാക്കുന്നതിനായി ഇന്റർനെറ്റ് സൗകര്യമുള്ള 'ഫെസിലിറ്റേഷൻ സെന്ററുകൾ' (FC) സംസ്ഥനത്തൊട്ടാകെ ഈ കാലയളവിൽ പ്രവർത്തിക്കുന്നതാണ്. ഇത്തരം ഫെസിലിറ്റേഷൻ സെന്ററുകളുടെ ലിസ്റ്റ് **www.cee.kerala.gov.in, www.cee-kerala.org** എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

കുറിപ്പ്: 19.10.2017–ന് പ്രസിദ്ധീകരിക്കുന്ന അവസാന ഘട്ട അലോട്ട്മെന്റിൽ കോലഞ്ചേരി മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് കോളേജ് ഓഫ് നഴ്സിംഗ്, കോഴിക്കോട് ജെ.ഡി.റ്റി ഇസ്ലാം കോളേജ് ഓഫ് നഴ്സിംഗ്, കണ്ണൂർ എ.കെ.ജി മെമ്മോറിയൽ കോ–ഓപ്പറേറ്റീവ് കോളേജ് ഓഫ് നഴ്സിംഗ് എന്നീ സ്വാശ്രയ നഴ്സിംഗ് കോളേജുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം വിദ്യാർത്ഥികൾ അതത് കോളേജുകളിൽ 2017 ഒക്ടോബർ 23–ാം തീയതി വൈകുന്നേരം 5 മണിയ്ക്കുള്ളിൽ നിർബന്ധമായും അഡ്മിഷൻ നേടിയിരിക്കേണ്ടതും. പ്രസ്തുത കോളേജിൽ പഠനം തുടരേണ്ടതുമാണ്. അല്ലാത്ത പക്ഷം പ്രോസ്പെക്ടസ് ക്ലോസ് 13.(എ) പ്രകാരമുള്ള പിഴ ഒടുക്കാൻ ബാധ്യസ്ഥരായിരിക്കും. കൂടാതെ ക്ലോസ് 12.7 പ്രകാരം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടച്ച ഫീസ് തിരികെ ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല. തലശ്ശേരി മലബാർ കാൻസർ സെന്റർ–ലെ ബി.എസ്.സി. എം.ആർ.റ്റി കോഴ്സിലേയ്ക്കുള്ള അലോട്ട്മെന്റ് സർക്കാർ ഉത്തരവിന് വിധേയമായിരിക്കും.

പ്രത്യേക ശ്രദ്ധയ്ക്ക്:

1. **നിശ്ചിത സമയത്തിനകം ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവരെ ഒരു കാരണവശാലും അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല.**
2. **അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശനം നേടുമെന്നും പഠനം തുടരുമെന്നും ഉറപ്പുള്ള കോളേജുകൾ മാത്രം ഹയർ ഓപ്ഷനുകളായി നിലനിർത്തുന്നതിന് വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.**

ഹെൽപ്പ് ലൈൻ നമ്പരുകൾ : **0471 2339101, 2339102, 2339103, 2339104**

തിരുവനന്തപുരം

16.10.2017

Santhosh Kumar (signature)

**പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി**